## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6701 09/11/2016-ൽ മറുപടിക്ക്

## വൈദ്യുതി ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ**<br>**,, എൽദോസ് കുന്നപ്പിള്ളി**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, അൻവർ സാദത്ത്** | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേന്ദ്രാവിഷ്കൃതപദ്ധതിയായ IPDS-ൽ ഉൾപ്പെടുത്തി പ്രാരംഭമായി 15,000 ഓളം സ്മാർട്ട്മീറ്ററുകൾ കേരള സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.<br>കൂടാതെ 500 യൂണിറ്റിനു മുകളിൽ വൈദ്യുതി ഉപഭോഗം വരുന്ന ഏകദേശം 1.5 ലക്ഷം ഉപഭോക്താക്കൾക്കും 10 KW നു മുകളിലുള്ള വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്കും ഘട്ടം ഘട്ടമായി സ്മാർട്ട് മീറ്ററുകൾ വെയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സംസ്ഥാനത്ത് SCADA പദ്ധതി നടപ്പാക്കിയ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ടൗണുകളിലെ ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചു വരുന്നു.<br>എറണാകുളം ജില്ലയിലെ സ്മാർട്ട് സിറ്റി പ്രദേശത്ത് സ്മാർട്ട് ഗ്രിഡ് പദ്ധതിയ്ക്കായുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു. ഈ പദ്ധതിയിൽ പദ്ധതി പ്രദേശത്തുള്ള എല്ലാവിഭാഗത്തിലുംപ്പെട്ട ഏകദേശം 90,000 ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ വയ്ക്കുന്നതിന് ഉദ്ദേശിക്കുന്നു.<br>കൊച്ചിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്മാർട്ട് ഗ്രിഡ് പദ്ധതി |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരത്തും കോഴിക്കോടും SCADA നടപ്പായ സ്ഥലങ്ങളിൽ സ്മാർട്ട് ഗ്രിഡ് രണ്ടാം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഏതെല്ലാം ഉപഭോക്താക്കൾക്കാണ് ഈ പദ്ധതി ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | ഒന്നാംഘട്ടത്തിൽ IPDS-ന്റെ ഭാഗമായി പദ്ധതി പ്രദേശത്തുള്ള ഏകദേശം 15,000 ഗവൺമെന്റ് ഓഫീസുകൾക്കും, തുടർന്ന് 1.5 ലക്ഷം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും (500 യൂണിറ്റിനു മുകളിലുള്ള) HT-EHT വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കും (ഏകദേശം 5000 എണ്ണം) AMR സംവിധാനം മാർച്ച് 2017 ഓടു കൂടി നടപ്പിലാക്കുന്നതാണ്. രണ്ടാം ഘട്ടമായി 10 KW നു മുകളിലുള്ള വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്ക് (ഏകദേശം 51,000 എണ്ണം) 2018-19 ഓടുകൂടി സ്മാർട്ട് മീറ്റർ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | ഈ പദ്ധതി എന്നുമുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ